ഉത്തരം

ഉണ്ട്. റിസർവ്വ് ബാങ്ക് നിർദ്ദേശാനുസരണം വിവിധ ജില്ലാ ബാങ്കുകൾ 158.08 കോടി രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചു.

ഇളംങ്കുളം ബാങ്കിൽ ദുർവിനിയോഗം ചെയ്ത തുക ഈടാക്കാൻ നടപടി

110 (952) ശ്രീ. പി. ജെ. ജോയി :
ശ്രീ. പി. ജെ. ഫ്രാൻസിസ് : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇളംങ്കുളം ബാങ്കിലെ ധനദുർവിനിയോഗത്തെപ്പറ്റിയുള്ള അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു തുകയുടെ ദുർവിനിയോഗമാണ് നടന്നിട്ടുള്ളത് ;

(സി) ധനദുർവിനിയോഗം നടത്തിയ ഡയറക്ടർ ബോർഡിനെ പിരിച്ചു വിട്ടുവോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ദുർവിനിയോഗം ചെയ്തവരിൽ നിന്നും തുക ഈടാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സഹകരണനിയമം 65-ാം വകുപ്പ് പ്രകാരമുള്ള സഹകരണ വകുപ്പിന്റെ അന്വേഷണം പൂർത്തീകരിച്ചു. 68-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണവും തുടർ നടപടികളും നടന്നുവരുന്നു. വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചിട്ടില്ല.

(ബി) വിവിധ ഇനത്തിൽ 4 കോടി 35 ലക്ഷത്തിൽപ്പരം രൂപയുടെ ധന ദുർവിനിയോഗം നാളിതുവരെ സഹകരണവകുപ്പു കണ്ടുപിടിച്ചിട്ടുണ്ട്.

(സി) പിരിച്ചുവിട്ടിട്ടുണ്ട്.

(ഡി) 68-ാം വകുപ്പ് പ്രകാരമുള്ള സർചാർജ് തുടങ്ങിയ തുടർ നടപടി സ്വീകരിച്ചുവരുന്നു.

ഇളംങ്കുളം ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച നിയമ നടപടികൾ

111 (953) ശ്രീ. എ. കെ. മണി :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇളംങ്കുളം ബാങ്കിൽ നടന്ന അഴിമതികളെക്കുറിച്ച് സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഈ അന്വേഷണത്തിൽ ആരെങ്കിലും കുറ്റക്കാർ ആണെന്ന് വ്യക്തമായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly